സി.ജി.(1)44325/2015 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 1.10.2015

## സർക്കുലർ നമ്പർ 44/2015

വിഷയം- സഹകരണ വകുപ്പ്-നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് അവാർഡ് നൽകുന്നത്-അപേക്ഷകൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്

സൂചന- സർക്കാരിന്റെ 2.6.2007 ലെ സ.ഉ.(സാധാ) 393/2007/സഹ: നമ്പർ ഉത്തരവ്

....................

സംസ്ഥാനത്ത് നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് ബെസ്റ്റ് പെർഫോർമെൻസ് അവാർഡ് നൽകുന്നതിന് സർക്കാരിന്റെ സൂചന ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, വനിതാ സഹകരണ സംഘങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ എന്നിവയ്ക്കും ജില്ലാ തലത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കുമുള്ള ബെസ്റ്റ് പെർഫോർമെൻസ് അവാർഡുകളാണ് വിതരണം ചെയ്യുന്നത്. 2012-13, 2013-14, 2014-15 വർഷങ്ങളിലേയ്ക്കുള്ള അവാർഡുകൾക്കായി മേൽ വിഭാഗത്തിൽപ്പെട്ട സംഘങ്ങൾ/ബാങ്കുകൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ സഹകരണ വകുപ്പിന്റെ www.cooperation.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഓരോ വിഭാഗത്തിൽ അവാർഡിനായി അപേക്ഷിക്കുന്ന സഹകരണ സ്ഥാപനങ്ങൾ അതാതു സ്ഥാപനങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള അപേക്ഷ ഫോറം ഡൗൺലോഡ് ചെയ്ത് cooperativeawards@gmail.com. എന്ന ഇ-മെയിൽ അഡ്രസിലേയ്ക്കും ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാരുടെ ഇ-മെയിൽ അഡ്രസിലേയ്ക്കും 15.11.2015 നകം മെയിൽ ചെയ്യേണ്ടതാണ്. അപേക്ഷയുടെ പ്രിന്റൗട്ട് പരിശോധനയ്ക്കായി സംഘത്തിൽ സൂക്ഷിക്കേണ്ടതാണ്. സഹകരണ സംഘം രജിസ്ട്രാർക്ക് ലഭ്യമായിട്ടുള്ള അപേക്ഷകളുടെ വിവരങ്ങൾ നവംബർ ആദ്യവാരത്തിൽ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്ഥാപനങ്ങൾ അവരുടെ പേര് പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. മൂന്നു വർഷങ്ങളിലേയും അവാർഡിനായി ഒരു പ്രൊഫോർമയിൽതന്നെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അതാതു വർഷങ്ങളിലെ വിവരങ്ങൾ അതിനായി നിഷ്കർഷിച്ചിട്ടുള്ള കോളങ്ങളിൽ ടൈപ്പ് ചെയ്യേണ്ടതാണ്. ഓരോ സാമ്പത്തികവർഷവും മാർച്ച് 31 നുള്ള സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തി

ലുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. ആദ്യ പ്രൊഫോർമയിൽ സംഘങ്ങൾ/ ബാങ്കുകളുടെ സ്ഥിതി വിവരങ്ങളും, രണ്ടാമത്തെ പ്രൊഫോർമയിൽ ആദ്യ പ്രൊഫോർമ യിൽ ഉൾപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന മാർക്കുകളും, സംഘ ങ്ങൾ ടൈപ്പ് ചെയ്യേണ്ടതാണ്.

അപേക്ഷ മെയിൽ ചെയ്യുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള അവസാന തീയതിയായ 15.11.2015 നകം ഇ-മെയിൽ മുഖേന ലഭിക്കാത്ത അപേക്ഷകൾ യാതൊരു കാരണവശാലും അവാർഡിനായി പരിഗണിക്കുന്നതല്ല. അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങ ളുടെ ആധികാരികത അതാതു ചീഫ് എക്സിക്യൂട്ടീവുമാരും , വകുപ്പ്തല ആഡിറ്റർമാരും ഉറപ്പുവരുത്തേണ്ടതാണ്.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്ക് സംസ്ഥാന തലത്തിലും ജില്ലാതലത്തിലുമുള്ള അവാർഡുകൾക്ക് പരിഗണിയ്ക്കുന്നതിനായി സംഘ ങ്ങൾ/ബാങ്കുകൾ ഒരു അപേക്ഷ മാത്രം സമർപ്പിച്ചാൽ മതിയാകുന്നതാണ്. നിഷ്കർഷിച്ചി ട്ടുള്ള വിധത്തിൽ നിശ്ചയിച്ചിട്ടുള്ള അവസാന തീയതിക്കകം സഹകരണ സംഘം രജി സ്ട്രാർക്കു ലഭിക്കുന്ന അപേക്ഷകളിൽ നിന്നും അവാർഡിനർഹമായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതാണ്. സർക്കുലർ നിർദ്ദേശം എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരും അവരുടെ അധികാര പരിധിയിലുള്ള സഹകരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

താങ്കളുടെ വിശ്വസ്തൻ

ഒപ്പ്
സഹകരണ സംഘം രജിസ്ട്രാർ

<u>പകർപ്പ്</u>
ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്
എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
(ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
എല്ലാ സംഘങ്ങൾക്കും ബാങ്കുകൾക്കും
ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
ഈ ആഫീസിലെ എല്ലാ ആഫീസർക്കാർക്കും
വെബ്സൈറ്റ്
സ്റ്റോക്ക് ഫയൽ